## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3372

23-06-2014 ൽ മറുപടിക്ക്

### എക്സൈസ് വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ:<br>ശ്രീ. കെ.മുരളീധരൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. കെ.ശിവദാസൻ നായർ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പ് കമ്പ്യൂട്ടർ വത്ക്കരിക്കുവാൻ സ്വീകരിച്ച നടപടി കൾ വ്യക്തമാക്കുമോ ; | എ) എക്സൈസ് വകുപ്പിലെ എല്ലാ ഫീൽഡ് ഓഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ വത്കരണത്തിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷം വകുപ്പിനായി 96 കമ്പ്യൂട്ടറുകൾ വാങ്ങുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.<br><br>എക്സൈസ് വകുപ്പിലേയ്ക്കുള്ള വിവിധതരം റവന്യൂ വരുമാനം മുതൽക്കൂട്ടുന്ന രീതി ഓൺലൈൻ സംവിധാനത്തിൽ കൊണ്ടുവന്നതിന്റെ ഭാഗമായി ഇ-പേയ്മെന്റ് സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യ ക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| ബി) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റെയ്ഞ്ച്, ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് പുതിയ കമ്പ്യൂട്ടർ നെറ്റ്വർക്ക് സ്ഥാപിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | ബി) എക്സൈസ് വകുപ്പിലെ ചെക്ക്പോസ്റ്റ് ഒഴികെയുള്ള എല്ലാ ഓഫീസുകൾക്കും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതൽ മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും, ഇന്റലിജൻസ് ബ്യൂറോ എക്സൈസ് ഇൻസ്പെക്ടർമാർക്കും സർക്കാർ ഇ-മെയിൽ ഐ.ഡി.യും നൽകിയിട്ടുണ്ട്. ടി സംവിധാനം ഉപയോഗപ്പെടുത്തി എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റെയിഞ്ച്, ഡിവിഷൻ ഓഫീസുകൾ എന്നിവ തമ്മിൽ ബന്ധപ്പെട്ടുവരുന്നു. |
| സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ച് ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ ? | സി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ